## കേരള സംഗീത നാടക അക്കാദമി തൃശ്ശൂർ - 20
## അമേച്വർ നാടകാവതരണം ധനസഹായത്തിനുള്ള നിയമാവലി

1. ധനസഹായത്തിനുള്ള അപേക്ഷ അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ നാടകം അവതരിപ്പിക്കുന്ന സംഘത്തിന്റെ സെക്രട്ടറിയുടെ/ മറ്റു ഉത്തരവാദപ്പെട്ട അധികാരികളുടെ ഒപ്പോടുകൂടി നിശ്ചിത തിയതിക്കകം ലഭിച്ചിരിക്കണം.

2. നാടകസ്ക്രിപ്റ്റിന്റെ ഡി.ടി.പി ചെയ്ത അഞ്ചു കോപ്പികൾ അയക്കണം. അവ തിരികെ ലഭിക്കുന്നതല്ല. നാടകത്തിന്റെ സ്ക്രിപ്റ്റ് കോപ്പിയിൽ അവതരിപ്പിക്കുന്ന സംഘത്തിന്റേയോ നാടകൃത്തിന്റേയോ പേരുംവിലാസവും ഉണ്ടായിരിക്കരുത്. സ്ക്രിപ്റ്റിന്റെ ഡിജിറ്റൽ കോപ്പി അക്കാദമിയുടെ ഇ-മെയിലേക്ക് അയക്കണം.

3. അവതരണാനുമതി ലഭിക്കുന്ന നാടകസംഘങ്ങൾ അക്കാദമി നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും നാടകം അവതരിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഇക്കാര്യം ഉറപ്പു നൽകുന്ന ഒരു കരാർ 100 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട് നല്കേണ്ടതാണ്.

4. അക്കാദമി നിർവ്വാഹകസമിതി നിശ്ചയിക്കുന്ന വിദഗ്ദ്ധരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയായിരിക്കും നാടകങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇവരുടെ തീരുമാനം അന്തിമമായിരിക്കും.

5. ധനസഹായത്തിന് സമർപ്പിക്കപ്പെടുന്ന നാടകങ്ങൾ താഴെപ്പറയുന്ന ചട്ടങ്ങൾക്കു വിധേയമായിരിക്കണം.

എ) അവതരിപ്പിക്കാനുദ്ദേശിക്കുന്ന നാടകത്തിന്റെ അഞ്ചു കോപ്പി അയക്കേണ്ടത് നാടകം അവതരിപ്പിക്കുന്ന സംഘം മുഖേനയായിരിക്കണം.

ബി) നാടകത്തിന്റെ അവതരണ ദൈർഘ്യം ഒന്നര മണിക്കൂറിനും രണ്ട് മണിക്കൂറിനും ഇടയിലായിരിക്കണം

സി) ഇതിനുമുൻപ് അവതരിപ്പിച്ച നാടകങ്ങൾ പരിഗണിക്കുന്നതല്ല.

ഡി) നോവൽ, ചെറുകഥ, കവിത എന്നിവയുടെ പുതിയ നാടകരൂപങ്ങൾ ധനസഹായത്തിന് സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ പകർപ്പാവകാശരേഖകൾ സമർപ്പിക്കേണ്ടതാണ്.

......2

ഇ) ഒരു സമിതിയുടെ ഒന്നിൽ കൂടുതൽ നാടകങ്ങൾ തെരഞ്ഞെടുക്കുന്നതല്ല.

7. നാടകം നിർമ്മിക്കുന്നതിന് 1 ലക്ഷം രൂപയും ചുരുങ്ങിയത് 2 വേദികളിലെങ്കിലും നാടകം അവതരിപ്പിക്കുന്നതിന് 50,000/- രൂപ വീതം 1 ലക്ഷം രൂപയും ഉൾപ്പെടെ 2 ലക്ഷം രൂപയാണ് ഒരു സംഘത്തിന് അക്കാദമി അനുവദിക്കുക. സംഘത്തിന് വരുന്ന മറ്റു യാതൊരു ചെലവുകളും അക്കാദമി വഹിക്കുന്നതല്ല.

8. ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിനെ സംബന്ധിച്ച് തർക്കം ഉത്ഭവിക്കുന്നപക്ഷം അതിനെപ്പറ്റി അവസാന വിധി പറയാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

9.. നാടകാവതരണത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശൂരായിരിക്കും.

10 നാടകസംഘങ്ങൾ ചുരുങ്ങിയത് 5 വർഷത്തെ പ്രവർത്തനരേഖകൾ ഹാജരാക്കേണ്ടതാണ്.

11 നാടകസംഘങ്ങൾ കലാസമിതികളായി രജിസ്റ്റർ ചെയ്തിരിക്കണം.

12 നാടക സ്ക്രിപ്റ്റിനോടൊപ്പം സംവിധായകക്കുറിപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

13. ആവശ്യമെങ്കിൽ വിദഗ്ദ്ധസമിതി/പ്രതിനിധി റിഹേഴ്സൽ കണ്ട് വിലയിരുത്തുന്നതായിരിക്കും.

14. സ്ക്രിപ്റ്റ് അവതരണത്തിനായി തെരഞ്ഞെടുക്കുകയാണെങ്കിൽ നാടകം നിർമ്മിക്കുന്നതിനാവശ്യമായ 40% തുക മുൻകൂറായി അനുവദിക്കുന്നതായിരിക്കും. ശേഷിക്കുന്ന തുക ഫൈനൽ റിഹേഴ്സൽ കണ്ട് വിലയിരുത്തിയതിന്ശേഷം മാത്രം അനുവദിക്കുന്നതായിരിക്കും.

26/2/21

സെക്രട്ടറി.